# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2904

13.03.2018 - ൽ
മറുപടിയ്ക്ക്

## നീരയുടെ വിപണനം

ചോദ്യം

ശ്രീ.എ.എം. ആരിഫ്
ശ്രീ.കെ. ദാസൻ
ശ്രീ.പി.കെ. ശശി
ശ്രീ.ഡി.കെ. മുരളി

മറുപടി

ശ്രീ.വി.എസ്.സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| എ) കടുത്ത വരൾച്ചകൊണ്ട് കനത്ത ഉല്പാദന ഇടിവു നേരിടുന്ന കേരകർഷകർക്ക് കൃഷി ആദായകരമാക്കുന്നതിനായി നീര ഉല്പാദന പദ്ധതി പ്രയോജനപ്രദമാകാതെ പോകുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;<br><br>ബി) മികച്ച ആരോഗ്യപാനീയമെന്ന് തെളിയിക്കപ്പെട്ട നീരയ്ക്ക് സംസ്ഥാനത്തെ മാർക്കറ്റിൽ ഇടംപിടിക്കാൻ കഴിയാതെ പോയതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) & ബി) | വിദഗ്ധ തൊഴിലാളികളുടെ അഭാവവും ദീർഘകാലം നീര സൂക്ഷിച്ച് വയ്ക്കുവാനുള്ള ആധുനിക പാക്കിംഗിനുള്ള ടെക്നോളജിയുടെ അഭാവവും ഇടത്തരം പൊക്കമുള്ള ആരോഗ്യമുള്ള തെങ്ങുകളുടെ അഭാവവും കടുത്ത വേനലും നീര ഉല്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇപ്പോൾ ഉൽപാദിപ്പിക്കുന്ന നീര മുഴുവനും വിറ്റഴിക്കുന്നതിൽ വലിയ ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. ഉല്പാദനത്തിലെ കുറവാണ് ഈ മേഖല നേരിടുന്ന പ്രശ്നം. ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) നാളികേര വികസന കോർപ്പറേഷൻ നീരയുടെ ഉല്പാദനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;മിതമായ വിലയും മുടക്കമില്ലാത്ത വിതരണവും വഴി വിപണി ശക്തിപ്പെടുത്താൻ സാധിക്കുമോ; ഗുണനിലവാരം ഉറപ്പാക്കി കൊണ്ട് പൊതു ബ്രാന്റ് രൂപീകരിച്ച് വിപണി പിടിച്ചെടുക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ? | സി) | നാളീകേര വികസന കോർപ്പറേഷൻ നീര ഉൽപ്പാദിപ്പിച്ച് കേര നീര എന്ന ബ്രാൻഡിൽ കോഴിക്കോട് എലത്തൂരിൽ നിന്ന് വിപണനം നടത്തുന്ന പദ്ധതി ഉടൻതന്നെ ആരംഭിക്കുന്നതാണ്. പൊതു വിപണിയിൽ ഉള്ളതിനെക്കാളും കുറഞ്ഞ നിരക്കിൽ മുടക്കമില്ലാതെ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ